# YOUTH VOICE

October 2013



A Publication of
**ST. THOMAS ORTHODOX CHRISTIAN YOUTH MOVEMENT**
ST.MARY'S INDIAN ORTHODOX CATHEDRAL
Kingdom of Bahrain.

# YOUTH VOICE

A Publication of
ST. THOMAS ORTHODOX CHRISTIAN YOUTH MOVEMENT
ST.MARY'S INDIAN ORTHODOX CATHEDRAL
Kingdom of Bahrain.

19th year of Publication

ISSUE 2/2013
OCTOBER




**Patron Saint**
St. Thomas The Apostle

**Patron**
H.H Baselios Marthoma Paulose II
(Catholicose of the East & Malankara Metropolitan)

**President**
Rev. Fr. Varghese Yohannan Vattaparampil

**Chief Editor**
Anu K. Varghese

**Editors**
Mathew Varghese
Lijo Thuruthel

**Concept & Graphics**
Jashen G. Simon

**Layout**
Mathew Varghese

**Type Setting**
Abey Kallimel, Lijo Thuruthel,
Bony Mulappampallil

**Photos**
Diju John, Christy P. Varghese

**Printers**
Najah Printing Press

www.facebook.com/ocymbahrain



Late Lamented
**Geevarghese Mar Ivanios**

1940–2013 വരെ ജീവിച്ചിരുന്ന് സഭയെയും സമൂഹത്തെയും
വിശുദ്ധിയുടെ ഹരിതകാലത്തിലൂടെ നയിച്ച്
പ്രാർത്ഥനയ്ക്കും, ധ്യാനത്തിനുമായി ജീവിതം ഉഴിഞ്ഞു വെച്ച
അനുപമനായ ആത്മീയ പിതാവിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ
ബഹറിൻ സെന്റ് തോമസ് ഓർത്തഡോക്സ് യൂത്ത്മൂവ്മെൻറ്
അർപ്പിക്കുന്ന കണ്ണീർ പ്രണാമം .....

## താളുകളിലൂടെ...


എഡിറ്റോറിയൽ ........................................ 3
ഇടയ സന്ദേശം ........................................ 4
പെരുന്നാളുകൾ വിശുദ്ധീകരണത്തിലേക്കും ................ 5
ജീവനാഥാ ഞങ്ങളെ നീതിയിലും ........................ 6
സെക്രട്ടറിയിൽ നിന്നും .................................. 7
Golden Moments .................................. 9-13
നല്ല ബന്ധങ്ങളിൽ ........................................ 17
Food Habits ............................................ 19
വിശുദ്ധിയുടെ പരിമളം.................................. 20
കൂടെ വസിക്കുന്ന ദൈവം................................ 21
ബൈബിൾ ക്വിസ് ........................................ 22



# എഡിറ്റോറിയൽ

ആധുനിക ലോകത്തിൽ യാതൊരു പരിധിയും പരിമിതിയും ഇല്ലാതെ ഉല്ലാസങ്ങളുടെ പുറകെയുള്ള അതിശീഘ്രമായ ഒരു യാത്രയാണ് നാം കാണുന്നത്. ഈ നിമിഷത്തിലെ ജീവിതത്തെപ്പറ്റി മാത്രം ചിന്തിച്ചാൽ മതിയെന്നുള്ള മനോഭാവം അപകടകരമാണ്.

യൗവ്വനത്തിന്റെ രഥത്തിൽ കയറി സന്തോഷത്തെ നുണഞ്ഞിറങ്ങിക്കൊണ്ട് നിത്യതയെപ്പറ്റി ബോധമില്ലാതെയുള്ള ജീവിതയാത്ര അപകടമാണെന്ന് തിരിച്ചറിയാൻ ഒട്ടും അമാന്തിച്ചു കൂടാ. ഇന്നലെയുടെ ദുഃഖങ്ങളെയും നാളെയുടെ ഭയത്തേയും തുടച്ചു മാററുന്ന വീഞ്ഞു നിറച്ച പാനപാത്രവുമായി മുന്നോട്ടു പോകുവാനാണോ ദൈവം നമ്മെ ലോകത്തിൽ ആക്കി വെച്ചിരിക്കുന്നത് ? അതു തീർച്ചയായും ലോകാനുഭവങ്ങളുടെ ദുരുപയോഗപ്പെടുത്തലായിരിക്കും.

ഈ ഭൂമിയാണ് യഥാർത്ഥ സ്വർഗ്ഗം എന്നും, ഈ നിമിഷം, ഈ ജീവിതം അതിൽ കൂടുതലായിട്ടൊന്നും ഇല്ലെന്നു ചിന്തിക്കുന്നവർ നിത്യതയിൽ നിന്നും വേറിട്ടു നിൽക്കുന്നവരാണ്. നമ്മുടെ യൗവ്വനത്തിന്റെ രക്തം ധമനികളിൽ അനുസ്യൂതമായി പ്രവഹിക്കുമ്പോൾ, നമ്മുടെ അഭിലാഷങ്ങൾ സംതൃപ്തിക്കു വേണ്ടി വിശന്നിരിക്കുമ്പോൾ, ഈ ലോകമെല്ലാം ഒരു പറുദീസയാണെന്നും അവയിൽ വളരുന്ന എല്ലാ വൃക്ഷങ്ങളുടേയും ഫലങ്ങൾ തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവുമാണെന്ന് നമുക്കു തോന്നിയേക്കാം. തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷഫലം തിന്നരുതെന്നുള്ള കല്പന അനുസരിക്കേണ്ടതില്ല എന്ന അഭിപ്രായവും ഉണ്ടാകാം.

ഈ ലോകജീവിതത്തിന്റെ സന്തോഷങ്ങളോട് നമ്മുടെ മനോഭാവം എന്തായിരിക്കണം? നമ്മുടെ യൗവ്വനകാലം ചിലവാക്കുന്നത് വാർദ്ധക്യകാലത്തേക്ക് പ്രവേശിക്കുമെന്നുള്ള ബോധത്തോടു കൂടിയായിരിക്കണം. നൈമിഷികങ്ങളായ സന്തോഷങ്ങൾ നിത്യമായ സന്തോഷങ്ങൾക്ക് തടസ്സമായിത്തീരരുത്. അങ്ങനെ ദൈവത്തിന്റെ പക്ഷത്തു നിന്നു കൊണ്ട് ലോകാനുഭവങ്ങളെ സമീപിക്കുമ്പോൾ അവൻ നമ്മെ ജീവിതത്തിന്റെ നേർവഴികളിലേക്കു നയിക്കും. അവന്റെ സന്നിധിയിലാകുന്നു നമ്മുടെ സന്തോഷ പരിപൂർണ്ണത. അതിനാൽ നമ്മുടെ ജീവിതനിമിഷങ്ങളെ നിത്യതയുടെ യാഥാർത്ഥ്യവുമായി ബന്ധിപ്പിക്കാം.

പെരുന്നാൾ ആശംസകൾ ഏവർക്കും നേർന്നു കൊണ്ട്,

എഡിറേറാറിയൽ ബോർഡിനു വേണ്ടി,
**മാത്യൂ വർഗീസ്**
**(എഡിററർ)**



# ഇടയ സന്ദേശം

നമ്മുടെയൊക്കെ ജീവിതത്തിൽ നമ്മുടെ മാതാപിതാക്കളോ അധ്യാപകരോ ബന്ധുക്കളോ സ്നേഹിതരോ അവരുടെ നല്ല ജീവിത മാതൃകയിലൂടെ നമ്മുടെ ജീവിതത്തിൽ പ്രകാശം പരത്താറുണ്ട്. എന്നാൽ, മറ്റുള്ളവരുടെ ജീവിതത്തിൽ പ്രകാശം പരത്താനായി നാം എന്തുചെയ്യുന്നുവെന്ന് എപ്പോഴെങ്കിലും സ്വയം ചോദിക്കാറുണ്ടോ? നല്ല മാതൃകയിലൂടെയും ബോധപൂർവമായ പെരുമാറ്റത്തിലൂടെയും മറ്റുള്ളവർക്കു പ്രചോദനവും ശക്തിയും നല്കാൻ നമുക്കു സാധിക്കുമെന്നതാണ് വസ്തുത.

ഹ്രസ്വമാണ് നമ്മുടെ ജീവിതം. എന്നാൽ, നല്ല കാര്യങ്ങൾ ചെയ്യുന്നതിനായി ജീവിതം മാറ്റിവച്ചാൽ ചെയ്യുന്ന നല്ല കാര്യങ്ങൾ നമ്മുടെ ജീവിതത്തെ അതിജീവിക്കുമെന്നതിൽ സംശയം വേണ്ട. നാം നയിക്കുന്നതു വെറും സാധാരണ ജീവിതമാണെങ്കിലും ജീവിതത്തിലെ നന്മയും നല്ല മാതൃകയും മറ്റു മനുഷ്യർക്ക് പ്രചോദനവും ശക്തിയും പകരുകയും ചെയ്യും. നമ്മുടെ ജീവിതത്തിലെ വിളക്കുകൾ തെളിക്കുന്നതു നമ്മെ ഉയർത്തിക്കൊണ്ടുവരുവാൻ വേണ്ടിയാകരുത്. പ്രത്യുത, മറ്റുള്ളവർക്ക് യഥാർഥ വെളിച്ചമാകാൻ വേണ്ടിയാകട്ടെ. അങ്ങനെ, മറ്റുള്ളവർക്ക് യഥാർഥ വെളിച്ചമാകുന്നതിലാകട്ടെ നാം ആനന്ദം കണ്ടെത്തുന്നത്. മറ്റുള്ളവർക്ക് വെളിച്ചം പകരണമെങ്കിൽ ആദ്യം നമ്മിൽത്തന്നെ വെളിച്ചമുണ്ടായിരിക്കണം. നമ്മിൽ വെളിച്ചമില്ലെങ്കിൽ എങ്ങനെയാണു മറ്റുള്ളവർക്കു പ്രകാശം പകരുവാൻ നമുക്കു സാധിക്കുക? നമുക്കുള്ളതല്ലേ മറ്റുള്ളവർക്കു കൊടുക്കാനാകൂ? അതുകൊണ്ടു നമ്മിൽ പ്രകാശമുണ്ടെന്ന് ആദ്യം ഉറപ്പുവരുത്താം.

പക്ഷേ, എങ്ങനെയാണ് നമ്മിൽ പ്രകാശമുണ്ടെന്ന് നാം ഉറപ്പുവരുത്തുക? നല്ലവരായി ജീവിക്കുകയാണെങ്കിൽ അന്ധകാരത്തിന് ഒരിക്കലും നമ്മെ വിഴുങ്ങാനാവില്ല. അതുപോലെ, സ്വാർത്ഥത വെടിഞ്ഞുള്ള ജീവിതമാണു നമ്മുടേതെങ്കിൽ നമ്മിൽ പ്രകാശത്തിനു കടന്നുവരാതിരിക്കാൻ ഒരിക്കലും സാധിക്കുകയില്ല. അതായത്, നാം മനസുവച്ചാൽ നമ്മുടെ ജീവിതത്തിൽ എപ്പോഴും പ്രകാശം ഉണ്ടാകുമെന്നു ചുരുക്കം.

പ്രകാശത്തിന്റെ മനുഷ്യരായി നമുക്കു മാറാൻ ശ്രമിക്കാം. അതുപോലെ, നമ്മുടെ ജീവിതവിളക്കുകൾ എപ്പോഴും തെളിച്ചുനിർത്താനും നമുക്കു ശ്രമിക്കാം.

സ്നേഹപൂർവ്വം,

ഫാ. വർഗ്ഗീസ് യോഹന്നാൻ വട്ടപ്പറമ്പിൽ
പ്രസിഡന്റ്
**vattapparampilachen@gmail.com**



## പെരുന്നാളുകൾ വിശുദ്ധീകരണത്തിലേക്കും ദൈവീകരണത്തിലേക്കുമുള്ള ചവിട്ടുപടി

മലങ്കരയുടെ മക്കൾ വിപ്രവാസ ഭൂമിയിൽ നിന്നു കൊണ്ട് ഒരു പെരുന്നാൾ കൂടി ആഘോഷിക്കുന്നു. ജീവിതത്തിന്റെ രണ്ടററം കൂട്ടിമുട്ടിക്കുവാൻ നാടും വീടും വിട്ട് മണലാരണ്യത്തിൽ ജീവിക്കുമ്പോൾ ആനന്ദവും ആശ്വാസവും ലഭിക്കുന്ന നീരുറവ ദൈവാലയമാണ്. ആ ദൈവാലയത്തിന്റെ പെരുന്നാൾ ആഘോഷിക്കുമ്പോൾ വിശുദ്ധിയിലേക്കും ദൈവീകരണത്തിലേക്കും നയിക്കപ്പെടുകയെന്നതാണ് ലക്ഷ്യം. പെരുന്നാളുകൾ ആഘോഷിച്ച് തന്റെ ജനം തന്നെ മഹതത്വപ്പെടുത്തണമെന്ന് ദൈവകല്പനയാണ്. (ആവർത്തനപുസ്തകം 16:16, പുറപ്പാട് 34:22/23). ദൈവത്തിൽ നിന്ന് ലഭിച്ച വിമോചനത്തിന്റെ ഓർമ്മയ്ക്കായി പെസഹാ പെരുനാളും, പ്രകൃതിയിലൂടെ ദൈവം നൽകിയ വിളവുകൾക്കായി പെന്തക്കോസ്തു പെരുന്നാളും, യിസ്രായേൽ മരുഭൂമിയിൽ കൂടാരവാസികളായതിന്റെ ഓർമ്മയ്ക്കായി കൂടാരപെരുനാളും ആഘോഷിച്ചതായി പഴയനിയമത്തിൽ വരച്ചു കാട്ടുന്നു. യേശുവും പെരുന്നാളുകൾക്ക് പോയതായും ആഘോഷിച്ചതായും പുതിയ നിയമം വെളിപ്പെടുത്തുന്നു.

ദൈവത്തിന്റ വിശുദ്ധിയിൽ പങ്കുകാർ ആവുകയെന്നതാണ് പെരുന്നാളിൽ പ്രധാനം. വിശുദ്ധി ദൈവത്തിന്റെ ഗുണവൈശിഷ്ട്യമാണ്. ഇംഗ്ലീഷ് ഭാഷയിലെ **Holiness** എന്ന പദത്തിന് **Wholenese** അഥവാ **Completnes** എന്ന് അർത്ഥമുണ്ട്. അതുകൊണ്ട് വിശുദ്ധി എന്നാൽ സമ്പൂർണ്ണതയുടെ ഒരവസ്ഥയാണ്. "ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരാകുവീൻ" എന്നത് യേശു ക്രിസ്തുവിന്റെ ദിവ്യവചനമാണ്. ദൈവീകചൈതന്യം, വിശുദ്ധി നിറഞ്ഞു കവിയുന്ന നിമിഷങ്ങളാണ് പെരുന്നാളുകൾ, മാത്രമല്ല സഭാമക്കൾ ദൈവ തിരുമുമ്പാകെ നടത്തുന്ന ജയഘോഷമാണ്.

അതുകൊണ്ടു തന്നെയാണ് പിതാക്കൻമാർ ആരാധനാ ഗീതത്തിൽ പാടുന്നത്

"ഈ പെരുന്നാളിൽ കർത്താവേ നിൻ കോപത്തെ നീക്കേണം
ഈ പെരുന്നാളിൽ കർത്താവേ നിർമ്മലരാകേണം
ഈ പെരുന്നാളിൽ കർത്താവേ ഞങ്ങൾക്കു തരണം ഉൾവെൺമ".

വിശുദ്ധിയിലേക്കുള്ള യാത്രയായി ഈ പെരുന്നാൾ തീരട്ടെ എന്നാശംസിക്കുന്നു.

സഭയയുടെ യശസ്സും കിരീടവുമായ യുവജനങ്ങളുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന "യൂത്ത് വോയ്സിന" എല്ലാ ഭാവുകങ്ങളും നേരുന്നു.

പെരുന്നാൾ ആശംസകളോടെ...

**റവ. ഫാ. കോശി വൈദ്യൻ വി. ജി**



## ജീവനാഥാ ഞങ്ങളെ നീതിയിലും ശാന്തിയിലും നയിക്കണമേ....

ഈ ലോകം തിന്മയിൽ വളരാനാണ് നമ്മെ എപ്പോഴും പ്രേരിപ്പിക്കുന്നത്. സ്വന്തം ശക്തിയിലും വിവേകത്തിലും നാം മതിമറക്കുമ്പോൾ അനീതിയുടെ രൂപത്തിലും ഭാവത്തിലും ഘടനയിലും പിശാച് നമ്മെ കൂട്ടിക്കൊണ്ട് പോകും. നൈമിഷികമായ സുഖങ്ങളിലും സമ്പാദ്യങ്ങളിലും വീണ് മലിനപ്പെട്ടു കഴിയുമ്പോൾ തിരിച്ചുവരവിന്റെ നാഴികകൾ ഏറെ കാഠിന്യമുള്ളതായിത്തീരുന്നു. നമ്മുടെ ജീവിതത്തിന്റെ ഘടന നിയന്ത്രിക്കുവാനുള്ള അവകാശം ദൈവത്തിനു മാത്രം വിട്ടു കൊടുക്കുക. ഏതു ധനവും എത്ര സമ്പത്തും ദൈവത്തിലൂടെ മാത്രം ആയിരിക്കണം. അതിൽ നിന്നും ദാനധർമ്മം ചെയ്യുമ്പോൾ മാത്രമേ ആ സമ്പത്ത് അനുഗ്രഹിക്കപ്പെടുകയുള്ളൂ. അതു പോലെ തന്നെ സഹോദരന്റെ പ്രയാസവും ബുദ്ധിമുട്ടും കാണുവാൻ സാധിക്കുന്ന ഒരു യുവാവിനും സമൂഹത്തിനും നീതിയുടേയും ശാന്തിയുടേയും ദൈവത്തെ കാണുവാനോ കാണിച്ചു കൊടുക്കുവാനോ സാധിക്കുകയുള്ളൂ.

സ്വാർത്ഥചിന്താഗതിയിൽ പരസ്പര പങ്കിടീൽ ഇല്ല, മറിച്ച് ദൈവസന്നിധിയിൽ എത്തുമ്പോൾ പങ്കിടീൽ ആരംഭിക്കും. സമൂഹനീതിയും പങ്കിടീലും അവിടെ അനിവാര്യമാണ്. ഇതിലൂടെ നമ്മെ പഠിപ്പിക്കുന്നത് ഇപ്പോൾ നമ്മൾ കാണുന്ന മതവിവേചനത്തെക്കുറിച്ചല്ല, മറിച്ച് സ്നേഹം പങ്കുവെയ്ക്കുന്ന മതത്തെക്കുറിച്ചാണ്. എല്ലാ ധാർമ്മികതയും ദൈവം യോജിപ്പിക്കുന്നു. സാമൂഹികനീതിയും സ്വാതന്ത്ര്യവും സ്നേഹവും എല്ലാ മനുഷ്യരേയും ഒന്നിപ്പിക്കുന്നു.

'കൊയ്നോണിയ' പോലെയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ ആയിരങ്ങളുടെ കണ്ണീർ ഒപ്പാനുള്ള ഒരു ചെറിയ അവസരമാണ് ദൈവം നമുക്കു നൽകിയിരിക്കുന്നത്. പല വിധേനയും സഹതാപം പിടിച്ചു പറ്റി കാശുണ്ടാക്കാനായി നെട്ടോട്ടം ഓടുന്ന ഈ സമൂഹത്തിൽ സത്യസന്ധതയോടു കൂടി നടത്തപ്പെട്ടു പോരുന്ന ഈ ജീവകാരുണ്യപ്രവർത്തനം ഈ ഇടവകയ്ക്കും നമ്മൾക്കും അനുഗ്രഹപാത്രമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.
ഇന്ത്യാ മഹാരാജ്യത്തിന്റെ അതിർത്തി കാക്കും സേനകൾ ഉത്തരാഖണ്ഡിലെ ദുരന്തഭൂമിയിൽ നടത്തിയ രക്ഷാപ്രവർത്തനങ്ങൾ ആയിരങ്ങളുടെ അനുഗഹങ്ങൾക്ക് പാത്രീഭൂതമായിത്തീർന്നു. ഇരുൾ മൂടിയ പ്രദേശം, ചതുപ്പു നിലം, ഹെലികോപ്റ്റർ പോലും ഇറങ്ങാൻ പ്രയാസമുള്ള സ്ഥലങ്ങളിൽ ദുർബലപ്പെട്ടു നിൽക്കുമ്പോൾ നദിക്കു കുറുകെ കയർ കെട്ടി മനുഷ്യപ്പാലം നിർമ്മിച്ച് അതിലൂടെ ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിൽ എത്തിച്ച കാഴ്ച്ച ദൃശ്യമാധ്യമങ്ങളിലൂടെയും വാർത്താമാധ്യമങ്ങളിലൂടെയും നമ്മൾ അടുത്തറിഞ്ഞ സംഭവങ്ങളാണ്. ഈ അനുഭവങ്ങൾ ഒക്കെയും മരണത്തിന്റെ പിശാചിനെ വിട്ടൊഴിഞ്ഞ് ശാന്തിയുടേയും നീതിയുടേയും ദൈവത്തെ നമ്മിലൂടെ മറ്റുള്ളവർക്ക് കാട്ടിക്കൊടുക്കുവാൻ നമ്മൾക്ക് ഇടയാകട്ടെ. ജീവനാഥാ ഞങ്ങളെ നീതിയുള്ളവരും വിശ്വസ്തരും പങ്കിടുന്നവരും ആക്കേണമേ, ഞങ്ങളെ ഏവരേയും ശാന്തിയിലേക്കും നയിക്കേണമെ എന്ന പ്രാർത്ഥനയോടെ....

സ്നേഹപൂർവ്വം,
ബിനു. എം. ഈപ്പൻ
വൈസ് പ്രസിഡന്റ്



# സെക്രട്ടറിയിൽ നിന്നും

കർത്താവിൽ പ്രിയരെ,

യുവജന പ്രസ്ഥാനത്തിന്റെ കഴിഞ്ഞ 9 മാസത്തെ പ്രവർത്തനങ്ങൾ വളരെ അച്ചടക്കത്തോടെ നടത്തുവാൻ സഹായിച്ച ദൈവത്തെ മഹത്വപ്പെടുത്തുന്നു. പ്രസ്ഥാനം പ്രവർത്തകരുടെ കൂട്ടായ സഹകരണം ഇതു വരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു സഹായകരമായിത്തീർന്നു. മലങ്കരസഭയുടെ സീനിയർ മെത്രാപ്പോലീത്താമാരിൽ ഒരാളായിരുന്ന കോട്ടയം ഭദ്രാസനാധിപൻ അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ ദേഹവിയോഗത്തിൽ പ്രസ്ഥാനത്തിന്റെ ആദരാജ്ഞലികൾ അർപ്പിക്കുന്നു.

കത്തീഡ്രൽ മുൻ വികാരിയും, പ്രസിഡന്റുമായിരുന്ന ബഹുമാനപ്പെട്ട ജേക്കബ്ബ് കോശി അച്ചന് സമുചിതമായ യാത്രയയപ്പ് നൽകാൻ പ്രസ്ഥാനത്തിന് കഴിഞ്ഞു. പുതിയ വികാരിയായി കടന്നു വന്ന ബഹുമാനപ്പെട്ട വർഗീസ് യോഹന്നാൻ അച്ചന് പ്രസ്ഥാനത്തിന്റെ പേരിൽ സ്വാഗതം ആശംസിക്കുന്നതോടൊപ്പം അച്ചന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും അർപ്പിക്കുകയും ചെയ്യട്ടെ.

മെയ് മൂന്നാം തീയതി നടന്ന കത്തീഡ്രൽ "മെഗാ ഫെയറിൽ" പ്രസ്ഥാനാംഗങ്ങൾ വളരെ സജീവമായി പങ്കെടുത്തു. അന്നേ ദിവസം ഒരു ഫുഡ് കൗണ്ടർ ഇടുകയും അതിന്റെ വരുമാനം കത്തീഡ്രലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നൽകുകയും ചെയ്തു.
ലോക രക്തദിനമായ ജൂൺ പതിനാലാം തീയതി 'Blood Donation is a Gift of Life' എന്ന ആപ്തവാക്യത്തോടു കൂടി World Blood Donor Day Celebration പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തുകയുായി. 170-ൽപ്പരം പേർ അന്നേ ദിവസം രക്തം ദാനം ചെയ്ത് ഒരു ചരിത്രം സൃഷ്ടിക്കുവാൻ കഴിഞ്ഞതായി സന്തോഷപൂർവ്വം അറിയിക്കുന്നു. അതിന്റെ ഭാഗമായി രക്തദാന ബോധവൽക്കരണ പരിപാടികളായ ക്വിസ് മത്സരം, ഓൺലൈൻ ക്യാപ്ഷൻ മത്സരം ,ഡോക്യുമെന്ററി പ്രസന്റേഷൻ എന്നിവ സംഘടിപ്പിക്കുവാനും കഴിഞ്ഞു.

ഓ.വി.ബി.എസ് ഫിനാലെയോടനുബന്ധിച്ച് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തിയ ഫുഡ്സ്റ്റാൾ വൻ വിജയമായിരുന്നു എന്നറിയിക്കുന്നതിൽ സന്തോഷിക്കുന്നു.
"സർഗോത്സവ്"2013-ന്റെ ഭാഗമായി ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ നടത്തിയ ക്വിസ് മത്സരങ്ങൾ, സെപ്റ്റംബർ മാസത്തിൽ നടത്തിയ വാക്യമത്സരം എന്നിവ പ്രവർത്തകരുടെ സജീവ സാന്നിധ്യം കൊണ്ട് ശ്രദ്ധേയമായി. വിശുദ്ധ പതിനഞ്ചു നോമ്പ്, എട്ടു നോമ്പ് എന്നിവയോടനുബന്ധിച്ച് ഡീക്കൻ അനീഷ് ജോൺ, ജിനോ വർഗീസ് അച്ചൻ എന്നിവരുടെ നേതൃത്വത്തിൽ ധ്യാനയോഗങ്ങൾ സംഘടിപ്പിക്കുവാൻ പ്രസ്ഥാനത്തിന് കഴിഞ്ഞു.

പിഞ്ചുകുഞ്ഞുങ്ങളുടെ ഹൃദയ ശസ്ത്രക്രിയ്ക്കായി നടത്തുന്ന "കൊയ്നോണിയ" ചാരിറ്റി പ്രൊജക്ടിലൂടെ ഈ വർഷം ഇതു വരെ 18 കുഞ്ഞുങ്ങളുടെ ശസ്ത്രക്രിയ നടത്തുവാനുള്ള സഹായം നൽകുന്നതിന് പ്രസ്ഥാനത്തിന് കഴിഞ്ഞു. ഇതുമായി സഹകരിച്ചു കൊണ്ടിരിക്കുന്ന എല്ലാ സുമനസ്സുകൾക്കും പ്രസ്ഥാനത്തിന്റെ നന്ദി ഈയവസരത്തിൽ അറിയിക്കുന്നു. തുടർന്നും ഏവരുടേയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചു കൊള്ളുന്നു.

(തുടർച്ച...page 08)

## തുടർച്ച... സെക്രട്ടറിയിൽ നിന്നും

ഇടവകയിലെ ആബാല വൃദ്ധം ജനങ്ങളേയും പങ്കെടുപ്പിച്ചു കൊണ്ട് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ സ്മരണാർത്ഥം നടത്തി വരുന്ന "സ്മൃതി കലാ കായികമേള" ഈ വർഷം വളരെ ഭംഗിയായി നടത്തുന്നതിന് സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. സ്മൃതി 2013 അവാർഡ് ദാനവും, ശ്രീ.ആൻറണി ജോൺ, കുമാരി ആൻ മേരി എന്നിവരുടെ നേതൃത്വത്തിലുള്ള സംഗീതസന്ധ്യയും എല്ലാ വിഭാഗം ജനങ്ങളുടേയും പ്രശംസ പിടിച്ചു പറ്റി.

ജി.സി.സി രാജ്യങ്ങളിലെ എല്ലാ ഇടവകകളിലേയും യുവജന പ്രസ്ഥാനം പ്രവർത്തകരെ പങ്കെടുപ്പിച്ചു കൊണ്ട് നടത്തുന്ന ഗൾഫ് യൂത്ത് കോൺഫറൻസ് ഒക്ടോബർ 14 മുതൽ ഷാർജ സെൻററ് ഗ്രീഗോറിയോസ് മഹായിടവകയിൽ വെച്ച് നടത്തപ്പെടുന്നു. ഈ വർഷത്തെകോൺഫറൻസ് വൻ വിജയമായിത്തീരുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

ഒക്ടോബർ 15-ാം തീയതി വിശുദ്ധ നാട്ടിലേക്ക് തീർത്ഥാടനം നടത്തുവാനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. ഏവരുടേയും പ്രാർത്ഥന ഈയവസരത്തിൽ അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ 9 മാസത്തെ പ്രവർത്തനങ്ങൾക്ക് താങ്ങും തണലുമായി നിന്ന് പ്രവർത്തിച്ച എല്ലാവർക്കും ഹൃദയംഗമായ നന്ദി അറിയിക്കുന്നതിനോടൊപ്പം ഏവർക്കും പെരുന്നാൾ ആശംസകൾ നേർന്നു കൊണ്ട്,

ഷിബു. സി. ജോർജ്ജ്
സെക്രട്ടറി

### "കൊയ്നോണിയ" 2013

2008 മുതൽ ഇന്നയോളം നടത്തപ്പെട്ടുവരുന്ന പിഞ്ചുകുഞ്ഞുങ്ങളുടെ ഹൃദയ ശസ്ത്രക്രിയ സഹായനിധിയിലൂടെ ഈ വർഷം ഇതുവരെ ലഭിച്ച തുകയിൽ നിന്നും 18 കുഞ്ഞുങ്ങളുടെ ചികിത്സ പൂർത്തിയാക്കുവാൻ സാധിച്ചു. നല്ലവരായ ഇടവക ജനങ്ങളുടെ നിർലോഭമായ സഹകരണം മൂലം വീണ്ടും അപേക്ഷകൾ ക്ഷണിച്ചിരിക്കുകയാണ്. ഈ ആതുര സേവനത്തിനെ ഇത്രത്തോളം നെഞ്ചിലേറ്റിയ ഇടവകയിലെ എല്ലാ സുമനസ്സുകൾക്കും ഒരായിരം നന്ദി അർപ്പിക്കുന്നു.

### ജോബ് സെൽ

യുവജന പ്രസ്ഥാനത്തിൻെറ നേതൃത്വത്തിൽ ഒരു ജോബ് സെൽ പ്രവർത്തിച്ചു വരുന്ന വിവരം സസന്തോഷം അറിയിക്കുന്നു. നമ്മുടെ അറിവിലോ, ജോലി ചെയ്യുന്ന സ്ഥാപനത്തിലോ ഏതെങ്കിലും ജോലിയുടെ ഒഴിവു വരികയോ, ആർക്കെങ്കിലും ജോലി ആവശ്യമായി വരികയോ ചെയ്താൽ പ്രസ്ഥാനത്തിൻെറ ഭാരവാഹികളുമായി ബന്ധപ്പെടുക.

ഷിബു. സി. ജോർജ്
സെക്രട്ടറി **(39689639)**

ബിനോജ് മാത്യു
കോ ഓർഡിനേറ്റർ **(36665376)**





Good Friday - Nercha Distribution



Mega Fair - OCYM Food Stall



Youth Voice '13 - First Edition Releasing

Receiving New Vicar @ Airport

Mr. Soney Jacob
GOYC Co-ordinator



Youth Voice '13 - Quiz Winner

World Blood Donor Day Celebration



Koinonia '13 - Charity Project




OVBS '13 - Food Counter



*Farewell - Rev. Fr. Jacob Koshy*







World Blood Donor Day Celebration - Quiz & Caption Contest Winners



Brain Teaser Competition

## *Favours Received*



***Jeemson***



***Heshel Rose Jeemson***



***Deepthi Jeemson***



Sargotsav '13 - Quiz Competition, June



Sargotsav '13 - Quiz Competition, August



8 day Lent - Retreat led by Rev. Fr. Geno Varghese





Sargotsav '13 - Bible Verses Competition, September




## SMRUTHI '13 - Award Nite & Musical Event



# Congratulations

*Wedding*



Siju George & Greenda Mary Sam



Phinahas James & Reelu Raj

# New Born Babies



**Johan K. Varghese**
S/o Kunju Cherian & Meenu



**Jefly John**
D/o John Raju & Lincy



**Beon Biju Thankachan**
S/o Biju Thankacan & Jincy



**Sebin Philip Santhosh**
S/o Santhosh Thankachan & Sini



## ജൻമദിനാശംസകൾ

**H.G. Geevarghese Mar Coorilose**
**Diocesan Metropolitan - Mumbai**

## അനുമോദനങ്ങൾ

യുവജനപ്രസ്ഥാനം മുൻ വൈസ് പ്രസിഡൻറും ബഹറിനിൽ വെച്ച് നടത്തപ്പെട്ട ഗൾഫ് ഓർത്തഡോക്സ് യൂത്ത് കോൺഫറൻസ് ജനറൽ കൺവീനറുമായ ശ്രീ.എം. എം. മാത്യൂ ബഹറിൻ കേരളീയ സമാജം 2013-14 വർഷത്തെ വൈസ് പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന് പ്രസ്ഥാനത്തിന്റെ എല്ലാ ഭാവുകങ്ങളും നേരുന്നു.



## In Loving Memory of



**P.O. Varghese**
(Died on 14-06-2013)
F/o Siji Binu Veliyil



**C.M. Abraham**
(Died on 14-07-2013)
F/o Shaji Abraham

# Favours Received



Phinahas James & Reelu Phinahas



Siju George & Greenda Siju



Biju Thankachan, Jincy Biju & Beon



Justin M. Peter



Santhosh Thankachan, Sini Santhosh.
Stevin & Sebin



Kunju Cherian, Meenu Mary Kurian &
Johan K. Varghese



# നല്ല ബന്ധങ്ങളിൽ ആശയവിനിമയത്തിന്റെ പങ്ക്

ബോണി മുളപ്പാംപള്ളിൽ

ആത്മബന്ധത്തിൻെറ, ആത്മാർത്ഥമായ സുഹൃത്ത്ബന്ധത്തിൻെറ മകുടോദാഹരണമാണ് വി.വേദപുസ്തകത്തിലെ ദാവീദും യോനാഥാനും. പ്രതിസന്ധികളുടെയും പ്രതിബന്ധങ്ങളുടെയും പ്രതിക്കൂട്ടിലായിരിന്നിട്ടും അവർ തമ്മിൽ ആശയവിനിമയം നടത്തിയിരുന്നു.

ആ ആശയ വിനിമയമാണ് ദാവിദിൻെറ ജീവൻ രക്ഷിക്കുന്നതിനു യോനാഥാനെ പ്രേരിപ്പിച്ച സ്നേഹ ബന്ധത്തിൻെറ ഊഷ്മളതയുടെ ഉറവ. ജീവിതത്തിൻെറ മേൽക്കൂരയെ താങ്ങിനിർത്തുന്ന നെടുംതൂണാണ് നല്ലബന്ധങ്ങൾ. ശരീരത്തിൻെറ സ്വസ്ഥതയും ആത്മാവിൻെറ നൈർമല്ല്യവും മനസ്സിൻെറ ആരോഗ്യവും ഊട്ടിയുറപ്പിക്കുവാൻ നല്ല ബന്ധങ്ങൾ വലിയ പങ്കുവഹിക്കുന്നുണ്ട്. ബന്ധങ്ങളില്ലാതെ ഒറ്റപ്പെട്ട ജീവിതശൈലിയിൽ കഴിയുന്നവർ ഇരുട്ടിൻെറ ആത്മാക്കളാണെന്നതും ഒരു യാഥാർത്ഥ്യമാണ്. അതിരുകളില്ലാത്ത ആശയവിനിമയം പരസ്പരം പരിണയിക്കുമ്പോഴാണ് ബന്ധം ഉടലെടുക്കുന്നതും, തഴച്ച് വളരുന്നതും പുഷ്ടിപ്രാപിക്കുന്നതും.

ഏതാനും നാളുകൾക്കു മുൻപ് ഇറ്റലിയിൽ നടന്ന ഒരു സംഭവകഥ മാധ്യമങ്ങളിലൂടെ അറിഞ്ഞതിങ്ങനെയാണ്: 34 വയസ്സുള്ള ഒരു യുവാവ് അലക്ഷ്യമായി കാറോടിക്കുന്നതു കണ്ട് പോലീസ് അയാളെ ചോദ്യം ചെയ്തു. മദ്യപിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ ജയിൽ ആശുപത്രിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. രക്തത്തിൽ മദ്യത്തിൻെറ അംശമില്ലെന്ന് കണ്ടപ്പോൾ പോലീസ് അയാളെ വിട്ടയയ്ക്കാൻ തയ്യാറായി. എന്നാൽ അയാൾക്ക് പോകാൻ മനസ്സില്ലായിരുന്നു. അയാൾ പോലീസിനോട് പറഞ്ഞു, "എന്നെ ജയിലിൽ അടക്കു. ഞാനിവിടെ കഴിഞ്ഞു കൊള്ളാം. എനിക്കെൻെറ ഭാര്യയുടെ കൂടെ കഴിയുന്നതിനേക്കാൾ തൃപ്തി ഈ ജയിലഴികൾക്കുള്ളിൽ കഴിയുന്നതാണ്. വളരെ നാളുകളായി ഞാനിങ്ങനെ ഒരവസരത്തിനായി കാത്തിരിക്കുകയായിരുന്നു. പെട്ടെന്നാണ് അലക്ഷ്യമായി കാറോടിച്ച് നിങ്ങളുടെ പിടിയിൽ പെടണമെന്ന ബുദ്ധി എനിക്കുണ്ടായത്". പോലിസുകാർ അയാളെ തുടർന്നും ചോദ്യം ചെയ്തപ്പോൾ മനസ്സിലായി വളരെ നാളുകളായി അയാൾക്ക് ഭാര്യയുമായി യാതൊരു ആശയ വിനിമയവും ഇല്ലായിരുന്നുവെന്ന്. ഒരു വീട്ടിലാണു താമസമെങ്കിലും മനസ്സു തുറന്ന് സംസാരിക്കുന്ന പ്രകൃതം അവർക്കില്ലായിരുന്നു, ഊട്ടിയുറപ്പിക്കേണ്ട പല ബന്ധങ്ങളും ശിഥിലമായിപ്പോകുന്നതിൻെറ മൂലകാരണം തുറന്ന മനസ്സോടെയുള്ള ആശയവിനിമയമില്ലായ്മ മൂലമാണെന്നത് ഇതിൽ നിന്ന് വ്യക്തമാണ്

മദർതെരേസായുടെ പ്രസിദ്ധമായ വായ്മൊഴി ശ്രദ്ധിക്കൂ

**"I can do things you cannot, you can do things I cannot; together we can do great things"**

"നിങ്ങൾക്കറിയാത്തവ എനിക്കാവും, എനിക്കറിയാത്തവ നിങ്ങൾക്കാവും. പക്ഷേ നമുക്കൊരുമിച്ച് വൻ കാര്യങ്ങൾ ചെയ്യാൻ സാധിക്കും." നല്ല ബന്ധങ്ങളിലൂടെയേ നമുക്കൊരുമിക്കാൻ സാധിക്കൂ. നല്ല ബന്ധമുണ്ടാകാൻ ഇഴകളകലാത്ത ആശയവിനിമയമുണ്ടാകണം.

മഹാത്മാഗാന്ധിയുടെ പ്രസിദ്ധമായ വായ്മൊഴി ശ്രദ്ധിക്കൂ

**"It is better in prayer to have a heart without words than words without a heart."**

"വാക്കുകൾ വിരളമായ ഹൃദയത്തിൽ നിന്നുള്ള പ്രാർത്ഥന ഹൃദയശൂന്യമായ വാക്കുകളുള്ള പ്രാർത്ഥനയേക്കാൾ എത്ര നന്ന്, ഹൃദയത്തിൽ ചാലിച്ച വാക്കുകളോടു കൂടിയ ആശയവിനിമയം ഏതു ബന്ധത്തിൻെറയും അഴിയാത്ത കെട്ടുചരടാണെന്ന സൂചനയാണിവിടെ.

(തുടർച്ച...page 18)

(തുടർച്ച.... നല്ല ബന്ധങ്ങളിൽ ആശയവിനിമയത്തിന്റെ പങ്ക്)

സ്വാമിവിവേകാന്ദന്റെ പ്രസിദ്ധമായ വായ്മൊഴി ശ്രദ്ധിക്കൂ

**“Love is the law of life. Love for love's sake, because it is law of life, just as you breathe to live.”**

“ജീവിതത്തിന്റെ നിയമ പുസ്തകമാണ് സ്നേഹം. സ്നേഹത്തിനുവേണ്ടി സ്നേഹിക്കുക. കാരണം ജീവന്റെ നിയമമാണ് സ്നേഹം, ശ്വസിക്കുന്ന വായുപോലെ.” ജീവന്റെ നിയമമായ സ്നേഹത്തിന്റെ ആഴം വർദ്ധിപ്പിക്കുവാൻ ബന്ധങ്ങളും തദ്വാരാ ആശയവിനിമയവും അനിവാര്യമാണെന്ന് വ്യാഖ്യാനിക്കാം ഇവിടെ. ആശയവിനിമയത്തിനു വിരാമമിടരുത്. നല്ല ആശയവിനിമയ രീതി ആരോഗ്യപരമായ സുഹൃത്ബന്ധങ്ങളുടെ അടിസ്ഥാനശിലയാണ്. നമ്മുടെ പരസ്പര സംസാരം നിലയ്ക്കുമ്പോൾ, ബന്ധങ്ങളും നിലക്കും, മുറിയും. സംസാരം തുടരുമ്പോൾ പ്രശ്നങ്ങൾക്ക് പരിഹാരവുമുണ്ടാകും. ആശയവിനിമയം രണ്ടുതരത്തിലാകാം; വാക്കുകളിലൂടെയും ശരീരഭാഷയിലൂടെയും. സംപുഷ്ടമായ ആശയവിനിമയ പ്രക്രിയയിൽ 35% മാത്രമേ വാക്കുകൾക്ക് പ്രസക്തിയുള്ളു. ശരീരഭാഷക്ക് 65% സ്ഥാനമുണ്ട്. അനുകൂലമായ ആംഗ്യഭാഷയിലൂടെയുള്ള ആശയവിനിമയം അപരനിൽ ഹൃദയചലനങ്ങളുളവാക്കുകയും ആത്മാർത്ഥതയുടെ സ്ഫുരണങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നുവെന്ന് മനശാസ്ത്രം പ്രഘോഷിക്കുന്നുണ്ട്. നമ്മുടെ സ്നേഹിതരുടെ ശരീരഭാഷ വായിച്ചെടുക്കാൻ നമുക്കു സാധിക്കുന്നുവെങ്കിൽ നമ്മുടെ അവരുമായുള്ള ആത്മബന്ധം ദൃഢമാണെന്ന് മനസിലാക്കാം. പിതാവുമായുള്ള സംസർഗ്ഗം ദൃഢമാക്കുവാൻ യേശു മലയിലേക്ക് വേറിട്ടുപോകുന്ന പതിവ് പുലർത്തിയിരുന്നു എന്നറിയുന്നത് ഇടമുറിയാത്ത ആശയവിനിമയം പിതാവും പുത്രനുമായുള്ള ബന്ധത്തിന്റെ തീവ്രതയെ ഉദ്ദീപിപ്പിച്ചിരുന്നു എന്ന് വ്യക്തമാക്കുന്നുണ്ട്. നാമൊക്കെ സാമൂഹ്യജീവികളാണ് നാം തനിച്ചല്ല, തനിച്ചാകാൻ സാധ്യവുമല്ല. നമുക്ക് ചുറ്റും സമൂഹമുണ്ട്. ആ സമൂഹത്തിന്റെ കണ്ണിയായി മാറുമ്പോഴാണ് ജീവിതം അർത്ഥപൂർണ്ണമാകുന്നത്. അകലാത്ത കണ്ണികളാണ് സമൂഹ്യബന്ധങ്ങളെ ഉറപ്പിക്കുന്നത്. ആശയവിനിമയം കണ്ണികൾ തമ്മിൽ വിടവുണ്ടാക്കയില്ല.

എല്ലാ ശനിയാഴ്ച്ചകളിലും വിശുദ്ധ കുർബാനയ്ക്കു ശേഷം കൂടി വരുന്ന യുവജന പ്രസ്ഥാനത്തിന്റെ യോഗങ്ങളിലേക്ക് എല്ലാ യുവതീ യുവാക്കളേയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

New Member - Robin T Varghese



# Some Important Contradictory Food Habits

1. Taking milk with fruits like jackfruit, horsegram,black gram,honey,salt,ram, honey,salt,fish,meat,curd,cherry,lemon,pumkin,raddish or yeast contained bread.
2. Having curd with banana,fish,meat,mango,cheese,hot drinks,milk,potato and egg
3. Honey with clarified butter at same measure is a contradictory food habit.
4. Fish items with honey, loaf sugar, seasame, milk, black gram, radish, sprouted grains work oppositely.
5. Banana with curd, buttermilk, fish, meat, pumpkin, sour fruits, yeast contained bread or cherry.
6. Butter with leafy vegetable curries.
7. Pumpkin with milk, cheese egg or grains.
8. Honey with water at same measure.
9. Egg with fruits, pumpkin, grains, cheese, meat, fish, milk or curd.
10. Grams with fruits, cheese, milk, egg, fish, meat or curd.
11. Hot drinks with mango, cheese, liquor, curd or honey.
12. Lemon with marrow, milk, tomato, or curd.
13. Potato with pumpkin, marrow or milk items.
14. Radish with banana, milk, or currant.
15. Tapioca with fruits, banana, mango, currant, pulse or loaf sugar.
16. Mango with curd, milk, date, marrow, banana or currant.
17. Having buttermilk after pudding is improper.
18. Ghee kept in bronze vessels.
19. Pork, pigeon's meat , fish fried in mustard oil.
20. Use of honey by heating
21. Consumption of hot curd
22. Drinking hot water after taking curd
23. Drinking hot water after taking honey
24. Drinking cold water after taking ghee
25. Sudden shift of body from hot to cool and vice versa ambient
26. Drinking milk when body becomes very hot
27. Having something immediately after tiresome talk
28. Using fried grain or curd during night
29. Drinking water before or after having fried grains is also is a mismatched food habit

**Praying for Health and Longevity to all - Collected by Vipin Thomas**

# വിശുദ്ധിയുടെ പരിമളം

## പരിശുദ്ധ പരുമല തിരുമേനിയുടെ ജീവചരിത്രത്തിൽ നിന്നും ചില സംഭവങ്ങൾ



സാംജി മാത്യൂ

1) പമ്പയാറ്റിൽ ഒരു പക്ഷിമനസു വായന

പമ്പയാറ്റിൽ കൂടി മിക്കപ്പോഴും വള്ളത്തിൽ യാത്ര ചെയ്തിരുന്ന തിരുമേനി, കൂടെയുണ്ടാകുന്ന ശെമ്മാശന്മാർക്ക് പലതും പറഞ്ഞു കൊടുക്കും. ഒരിക്കൽ, നദിയുടെ കരയിൽ മരത്തിൽ ഇരുന്ന് ഒരു പക്ഷി ഒരു ശബ്ദം ഉണ്ടാക്കി. ഉടനെ തന്നെ മറുകരയിൽ മറ്റൊരു മരത്തിൽ ഇരുന്ന് മറ്റൊരു പക്ഷിയും ശബ്ദമുണ്ടാക്കി. ഇപ്രകാരം രണ്ടു പക്ഷികളും പല പ്രാവശ്യം ചിലച്ചു. ഇത് എല്ലാവരും ശ്രദ്ധിക്കുന്നതിനും ഇടയായി. ഉടനെ ഒരു ശെമ്മാശൻ തിരുമേനിയോട് ആ പക്ഷികൾ ചിലച്ചതിന്റെ അർത്ഥം എന്തായിരിക്കും എന്നു ചോദിച്ചു. തള്ളപക്ഷി പറക്കാൻ തുടങ്ങിയ കുഞ്ഞുപക്ഷിയേയും കൊണ്ട് അക്കരയ്ക്കു വരട്ടേയെന്നാണ് ചോദിച്ചതെന്നും, അക്കരെയുള്ള ആൺപക്ഷി വരാൻ പറഞ്ഞതാണെന്നും, അങ്ങനെ പറക്കുമ്പോൾ കുഞ്ഞു പക്ഷി തളർന്നു വെള്ളത്തിൽ വീണാൽ എന്തു ചെയ്യുമെന്ന് വീണ്ടും തള്ള പക്ഷി ചോദിച്ചുവെന്നും, അപ്പോൾ താൻ പക്ഷിക്കുഞ്ഞിനെ രക്ഷിച്ചു കൊള്ളാം എന്ന് ആൺപക്ഷി പറഞ്ഞുവെന്നും, തിരുമേനി പറഞ്ഞു തീർന്ന ഉടനെ, ഇക്കരെ നിന്നും പെൺപക്ഷി കുഞ്ഞുപക്ഷിയേയും കൊണ്ട് അക്കരയ്ക്കു പറന്നു. ആറിന്റെ നടക്കു വന്നപ്പോൾ കുഞ്ഞു പക്ഷി ക്ഷീണിച്ച് താഴേക്ക് വീണു. ഉടനെ ആൺപക്ഷി പറന്നു വന്ന് കുഞ്ഞു പക്ഷിയെ കൊത്തി എടുത്ത് അക്കരെ മരക്കൊമ്പിൽ എത്തിച്ചു

(പരുമല തിരുമേനിയുടെ വാത്സല്യ ശിഷ്യൻ പനക്കാവിൽ കൊച്ചു കോശി കത്തനാരുടെ, മകളുടെ മകൻ ശ്രീ ഇടിക്കുള, തന്റെ മാതാമഹിയിൽ നിന്നു കേട്ടതായ കഥ അവലംബം).

2) കോട്ടയം കുരിശുപള്ളിയിലെ കുരിശുമാറ്റി വയ്ക്കൽ.

കോട്ടയം കുരിശുപള്ളിയിലെ കരിങ്കൽ കുരിശ് നേരത്തേ മദ്ബഹായുടെ മധ്യത്തിലായിരുന്നു. ആളുകൾക്ക് വി. കുർബ്ബാന കാണുന്നതിന് ഇത് തടസ്സം നിന്നതിനാൽ കുരിശു മാറ്റി സ്ഥാപിക്കുവാനുള്ള ആലോചന ശക്തമായി. പക്ഷേ അതിനോട് വിയോജിപ്പുള്ള ആളുകളും രംഗപ്രവേശം ചെയ്തു. ഇത്തരുണത്തിൽ വിഷയം പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെയടുക്കൽ എത്തി. പരുമല തിരുമേനിയും ഇതിൽ ഇടപെടേണ്ടിവന്നു. പള്ളിയിൽ എത്തിയ പരുമല തിരുമേനി മൂന്നു ദിവസം പ്രാർത്ഥനയും ഉപവാസവും നടത്തി. പള്ളിയ്ക്കു വെളിയിലേക്ക് കുരിശു മാറ്റണമെന്നു പറഞ്ഞിരിക്കുന്നവരെയും, കുരിശു മാറ്റുകയേ അരുത് എന്നു പറഞ്ഞിരിക്കുന്നവരെയും അനുരഞ്ജിപ്പിക്കുവാൻ തിരുമേനി ഒരുനിർദ്ദേശം വച്ചു. കുരിശു പള്ളിക്ക് മകുടമാകുന്നതു പോലെ, ത്രോണോസിനു കിഴക്കു തന്നെ ചേർന്നിരിക്കുവാൻ തക്കവണ്ണം മദ്ബഹായിൽത്തന്നെ മാറ്റി സ്ഥാപിക്കാം എന്നായിരുന്നു നിർദ്ദേശം. അതിനോടെല്ലാവരും യോജിച്ചു. തിരുമേനിയുടെ സാന്നിധ്യത്തിൽ തന്നെ കുരിശു മാറ്റിപ്രതിഷ്ഠിച്ചു. ഭീമാകാരമായ കുരിശ് ഇളക്കിയെടുക്കുമ്പോഴും മറിഞ്ഞ് അപകടം ഉണ്ടാകുമോ എന്ന ഭയം പലർക്കും ഉണ്ടായിരുന്നുവെങ്കിലും, "ഭയപ്പെടേണ്ട, ഞാൻ പ്രാർത്ഥിച്ചു കൊള്ളാം" എന്ന ഉറപ്പ് എല്ലാവരെയും ധൈര്യപ്പെടുത്തി. കുരിശു വലിച്ചു കെട്ടാൻ ഉപയോഗിച്ച വടം നല്ലവണ്ണം ചിന്തിയെങ്കിലും, അതു പൊട്ടിയില്ല. എല്ലാം സമാധാനപരമായി കലാശിച്ചു.

3) ശനിയാഴ്ച വൈകുന്നേരത്തെ കലാപരിപാടികളെ വിലക്കി

1899 ൽ ഒരു ഞായറാഴ്ച പരുമല തിരുമേനി ചെന്നിത്തലപ്പള്ളിയിൽ എത്തി. ആരാധനക്ക് ആളുകൾ തീരെ കുറവായിരുന്നു. കാരണം തിരക്കിയപ്പോൾ ആണ് മനസിലായത്, പള്ളിക്കടുത്ത് ശനിയാഴ്ച വൈകുന്നേരം ഒരു കലാപരിപാടി ഉണ്ടായിരുന്നുവെന്നും, പലരും അതിന് പോയിട്ട് വളരെ വൈകി വീട്ടിലെത്തിയതിനാൽ പിറ്റെ ദിവസം കുർബ്ബാനയ്ക്കു പോയില്ലെന്നും. ഈ കലാപരിപാടി എന്തായിരുന്നുവെന്നും ആരുടെയായിരുന്നെന്നും തിരുമേനി തിരക്കി. ഒരു ചവിട്ടു നാടകമായിരുന്നുവെന്നും, അതിൽ രാജാപ്പാർട്ടു കെട്ടിയത് കരുവേലിൽ കീവർച്ചൻ എന്ന പ്രശസ്ത നടനായിരുന്നുവെന്നും മനസ്സിലായി. തിരുമേനി കരുവേലിൽ കീവർച്ചനെ വിളിപ്പിച്ച് അനുമോദനം നൽകിയതിനോടൊപ്പം പറഞ്ഞു "കീവർച്ചാ മേലിൽ ശനിയാഴ്ച സായാഹ്നം നാടകം കളിക്കരുത്" എന്ന് ദൈവ ഭക്തനായ കീവർച്ചൻ സമ്മതിച്ചുവെങ്കിലും, എന്തുകൊണ്ടോ കീവർച്ചനും കുടുംബത്തിനും പല കഷ്ടനഷ്ടങ്ങളും ഉണ്ടായി. പിൽക്കാലത്ത്, പരുമല തിരുമേനിയുടെ മധ്യസ്ഥതയിൽ പ്രത്യേകം ശരണപ്പെട്ട കുടുംബം അഭിവൃദ്ധി പ്രാപിക്കാനും ഇടയായി.

(സാം ചെറിയാൻ കരുവേലി, വിശാഖപട്ടണത്തു നിന്നും അയച്ച കുറിപ്പനുസരിച്ചാണ് ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നത്.)



# കൂടെ വസിക്കുന്ന ദൈവം

ലിജോ തുരുത്തേൽ

ദൈവം ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് അവിടുത്തെ സ്നേഹം ഏറ്റവും കൂടുതൽ ആവശ്യമുള്ളവരെയാണ്. അതുപോലെ, ദൈവം ഏറ്റവും കൂടുതൽ നമ്മെ സ്നേഹിക്കുന്നത് അവിടുത്തെ സ്നേഹം ഏറ്റവും കൂടുതൽ നമുക്ക് ആവശ്യമുള്ളപ്പോഴാണ്.

നമ്മെ ആരും സ്നേഹിക്കാനും സഹായിക്കാനും ഇല്ലാത്ത അവസരങ്ങളിൽ ദൈവം നമ്മുടെ കൂടെയില്ലെന്നു നമുക്കു തോന്നിയേക്കാം. അതുപോലെ നമ്മുടെ ജീവിതത്തിൽ ദുഃഖങ്ങളും ദുരിതങ്ങളും ഉണ്ടാകുമ്പോൾ ദൈവം നമ്മെ കൈവിട്ടു എന്നും നമുക്കു തോന്നിയേക്കാം.

എന്നാൽ, യാഥാർഥ്യം മറിച്ചാണ്. നമ്മെ ആരും സഹായിക്കാനും സ്നേഹിക്കാനും ഇല്ലാത്തപ്പോഴാണ് അവിടുന്ന് ഏറ്റവും കൂടുതൽ നമ്മുടെ തുണയ്ക്ക് എത്തുന്നത്. അതുപോലെതന്നെ നമ്മുടെ ജീവിതത്തിൽ ദുഃഖങ്ങളും ദുരിതങ്ങളും ഉണ്ടാകുമ്പോഴാണ് അവിടുന്ന് ഏറ്റവും കൂടുതലായി നമ്മെ സഹായിക്കുന്നത്.

പക്ഷേ, നമ്മുടെ ഏകാന്തതയിലും ദുഃഖത്തിലും നമ്മെ സഹായിക്കുവാനെത്തുന്ന ദൈവത്തെ നാം കാണാതെപോകുന്നു എന്നതാണ് നമ്മുടെ ഏറ്റവും വലിയ ന്യൂനത. നമ്മുടെ മുറിപ്പാടുകളിൽ തൈലംപൂശാൻ അവിടുന്ന് എത്തുമ്പോൾ നാം അവിടുത്തെ സാന്നിധ്യംപോലും അറിയാതെ പോകുന്നു എന്നതാണു നമ്മുടെ വലിയ പോരായ്മ.

എന്നാൽ, നമ്മുടെ ദുഃഖത്തിലും ഏകാന്തതയിലുമൊക്കെ അവിടുന്നു കൂടുതലായി നമ്മോടുകൂടെയുണ്ട് എന്നു വിശ്വസിക്കുവാൻ നമുക്കു സാധിച്ചാൽ അവിടുത്തെ കരസ്പർശം തീർച്ചയായും നമുക്കനുഭവേദ്യമാകും.

ജീവിതത്തിൽ നമുക്കു വിഷമങ്ങളുണ്ടാകുമ്പോൾ നാം സ്വാഭാവികമായും ഭയപ്പെട്ടെന്നിരിക്കും. എന്നാൽ, ദൈവപുത്രനായ യേശു പഠിപ്പിച്ചതുപോലെ, നമുക്കു വേണ്ടതു ഭയമല്ല, പ്രത്യുത ദൈവത്തിലുള്ള പരിപൂർണ ആശ്രയമാണ് (മർക്കോസ്: 5, 36). നാം ദൈവത്തിൽ പരിപൂർണമായി ആശ്രയിക്കുന്ന നിമിഷം നാം അവിടുന്നിൽനിന്നു ശക്തിപ്രാപിക്കും. അവിടുത്തെ ശക്തി ലഭിച്ചാൽ പിന്നെ നമുക്കെന്താണു ഭയപ്പെടാനുള്ളത്?

ജീവിതംകൊണ്ടു നമുക്കൊന്നും നേടാൻ സാധിക്കില്ലെന്നു നാം പലപ്പോഴും വിചാരിക്കാറില്ലേ? എന്നാൽ, നമ്മുടെ ജീവിതം വഴിയായി ഒട്ടേറെ വിജയങ്ങൾ നാം നേടണമെന്നാണ് അവിടുത്തെ ആഗ്രഹവും പ്ലാനും എന്നു നാം അറിഞ്ഞാലോ?

എന്നാൽ, ദൈവത്തിനു നമ്മോടുള്ള ഈ സ്നേഹവും താൽപര്യവും നാം മനസിലാക്കാതെ പോകുന്നതുകൊണ്ട് നമ്മുടെ ജീവിതത്തിലുള്ള അവിടുത്തെ സാന്നിധ്യംപോലും നാം വിസ്മരിച്ചുപോകുന്നു.

ദൈവം എപ്പോഴും നമ്മോടുകൂടിയുണ്ടെന്നത് അനുനിമിഷം നമുക്കോർമ്മിക്കാം. അതുപോലെ, നാം ഏറ്റവും നിസ്സഹായരായിരിക്കുമ്പോഴാണ് അവിടുന്ന് ഏറ്റവും കൂടുതൽ നമ്മെ സഹായിക്കുന്നതെന്നും നമുക്കു

## ബൈബിൾ ക്വിസ്

1) സ്വജാതികൾക്കെതിരെ ശത്രുപക്ഷത്ത് ചേർന്ന് യുദ്ധത്തിന് തയ്യാറായവൻ?
2) ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്ന ജൻമനക്ഷത്രങ്ങൾ ഏതെല്ലാം?
3) സംഖ്യാപുസ്തകത്തിന് എബ്രായ ഭാഷയിൽ നൽകിയിരിക്കുന്ന പേര്?
4) കഷ്ടതകൾ അനുഭവിച്ചിട്ടും അതിന് മാധുര്യമുള്ളതായി തോന്നിയതാർക്ക്?
5) തൻെറ രണ്ടാം മിഷിനറി യാത്രയിൽ പൗലോസ് പോകാതിരുന്ന സ്ഥലം ഏത്?
6) വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന യിസ്രായേൽ ഗോത്രങ്ങൾ എത്ര?
7) ഗത്യനായ ഗോല്യാത്തിൻെറ സഹോദരൻെറ പേര്?
8) ഉഗ്രതയും വേഗതയുമുള്ള ജാതി?
9) സേലാ എന്ന പദം ഉപയോഗിച്ചിരിക്കുന്ന പുസ്തകങ്ങൾ?
10) എന്താണ് സകല ദോഷങ്ങൾക്കും കാരണം?
11) "ഈഴവർ ചേരമരാശാരിമാർകളും നമ്പൂരിനായരുമെന്നുവേണ്ട എല്ലാ ജനങ്ങളുമൊന്നുപോൽ സന്തപിച്ചന്യത പൂണ്ടീടുന്നാകമാനം" ഈ വരികൾഎഴുതിയതാര്? എഴുതാനുണ്ടായ സന്ദർഭം ഏത്?
12) മലങ്കര സഭാ ചരിത്രത്തിൽ അലക്സാണ്ടർ ഡികൗമ്പോ എന്നറിയപ്പെട്ടിരുന്നത് ആര്?
13) ബെഥേലിലെ താമര ആരുടെ കൃതിയാണ്?
14) ഭാരതത്തിലെ കപ്പൽ നിർമ്മാണത്തെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്ന പുരാതന സംസ്കൃത ഗ്രന്ഥം?
15) യുദ്ധം യുദ്ധത്തെ അവസാനിപ്പിക്കുന്നില്ല. ഇതാരുടെ വാക്കുകൾ?
16) കേരള സെക്രട്ടറിയേറ്റ് ആദ്യകാലത്ത് അറിയപ്പെട്ടിരുന്നത് ഏത് പേരിലായിരുന്നു?
17) ദാദാസാഹെബ് ഫാൽക്കെ അവാർഡ് നേടിയ ആദ്യത്തെ മലയാളി?
18) ക്രിസ്തുവിൻെറ ഉപദേശങ്ങൾ (Precepts of Jesus) എഴുതിയതാര്?
19) കൂടുതൽ കാലം ജീവിച്ചിരുന്നിട്ടും തൻെറ പിതാവിൻെറ മുമ്പേ മരണപ്പെട്ടതാര്?
20) ഒരു കല്ലു കൊണ്ട് ശത്രുവിനെ ജയിച്ചതാര്?

### കഴിഞ്ഞ ലക്കത്തിലെ ക്വിസ് ഉത്തരങ്ങൾ - *March 2013*

1. ഈസബേൽ (വെളിപ്പാട് 2 : 20)
2. പ. മോറാൻ മാർ ബസ്സേലിയോസ് ഗീവർഗ്ഗീസ് പ്രഥമൻ ബാവ
3. മഹേർ-ശാലാൽ ഹാശ് ബാസ് (യെശയ്യാവ് 8 : 1)
4. വി.കുർബ്ബാനയിൽ വീഞ്ഞ് അപ്പത്തിലേക്ക് ഒഴിക്കാൻ ഉപയോഗിക്കുന്ന സ്പൂൺ
5. കോഴി
6. വി. ഗീവർഗ്ഗീസ് സഹദാ
7. നയമ (ഉല്പ്പത്തി 4 : 22)
8. സെറാമ്പൂർ സർവ്വകലാശാല
9. സൂതികർമ്മിണി
10. വിമ്മി മറിയം ജോർജ്
11. നെഹമ്യാവ്
12. മുള്ളും പറക്കാരയും
13. ആബൂനാ മത്ഥിയാസ്
14. സാധാരണ നമസ്ക്കാരം
15. പുത്രമരണരാഗം
16. നക്ഷത്രം - പീലാസായിൽ അപ്പത്തിൻെറ മുകളിൽ വെയ്ക്കാൻ ഉപയോഗിക്കുന്നു.
17. പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവ
18. ഏലീമിൽ (പുറപ്പാട് 15 : 27)
19. 365 പ്രാവശ്യം
20. കോതമംഗലം ബാവാ (യൽദോ മാർ ബസ്സേലിയോസ്)

നിബന്ധനകൾ

1.ഏററവും കൂടുതൽ ശരി ഉത്തരം അയയ്ക്കുന്നവരിൽ നിന്നും സമ്മാനാർഹരെ കണ്ടെത്തുന്നതായിരിക്കും.
2.ഒന്നിൽ കൂടുതൽ പേർ ശരി ഉത്തരം അയച്ചാൽ നറുക്കെടുപ്പിലൂടെ വിജയിയെ തീരുമാനിക്കുന്നതായിരിക്കും.
3.യുവജന പ്രസ്ഥാനത്തിൻെറ ഭാരവാഹികൾക്കും, കുടുംബാംഗങ്ങൾക്കും ഈ മത്സരത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.
4.ഏഡിറേറാറിയൽ ബോർഡിൻെറ തീരുമാനം അന്തിമമായിരിക്കും.
5.ഉത്തരത്തിനോടൊപ്പം അയയ്ക്കുന്ന ആളിൻെറ പേരും മേൽവിലാസവും ടെലഫോൺ നമ്പറും ഉൾപ്പെടുത്തേണ്ടതാണ്.
6.നിങ്ങളുടെ ഉത്തരങ്ങൾ നവംബർ 10-ന് മുമ്പായി 'ചീഫ് എഡിററർ' യൂത്ത് വോയ്സ്, പി.ബി.നമ്പർ 834, മനാമ എന്ന വിലാസത്തിൽ അയയ്ക്കുകയോ, പള്ളി ഓഫീസിൽ എത്തിക്കുകയോ ചെയ്യുവാൻ താൽപ്പര്യപ്പെടുന്നു

കഴിഞ്ഞ ലക്കത്തിലെ ക്വിസ് വിജയി
ശ്രീമതി. സിനി സന്തോഷ്

## Celebrating 42nd Wedding Anniversary



**P.K.Oommen & Rudhamma Oommen**
**Kaithavana, Karuvatta, Adoor**

*Best Compliments from:*

**Bindu Regi, Regimon K.G, Soumya, Aswin - Kuwait**
**Sindu Shibi, Shibi A.J, Angel - Saudi Arabia**
**Shiju K. Oommen, Essy Shiju, Lena - Bahrain**

## Favours Received



John Raju, Lincy John
Jelvin John & Jefly John



Anuja & Abel

# مؤسسة انفا التجارية
# ANFA TRADING

Powertools, Hardware, Plumbing, Electrical
Electronics Products, Safety Products & Accessories.

Mob :66365524, Tel: 17250154, Fax:17232867,
P.O Box:10397, Salmaniya, Kingdom of Bahrain
Email: anfatrading.bh@gmail.com

C.R 52940-02

س.ت: ٥٢٩٤٠-٠٢

*Distributors for :*

NAUTILUS

STURDY

makita

DANNIO















